പത്രക്കുറിപ്പ്

KERALA STATE COMMISSION FOR PROTECTION OF CHILD RIGHTS
Vanross Junction, Kerala University P.O.,
Thiruvananthapuram – 695 034
Phone : 0471 – 2326603/04/05
E-mail : childrights.cpcr@kerala.gov.in

09.08.2021

## പോക്സോ ആക്ട് കാര്യക്ഷമമാക്കുന്നതിനും, കോവിഡ്-19 സാഹചര്യത്തിൽ ശിശു സംരക്ഷണ സ്ഥാപനങ്ങളിലെ കുട്ടികളുടെ സുരക്ഷയ്ക്കും ശുപാർശകളുമായി ബാലാവകാശ സംരക്ഷണ കമ്മീഷൻ

കുട്ടികളെ ലൈംഗികാതിക്രമങ്ങളിൽ നിന്നും സംരക്ഷിക്കുന്ന നിയമം കാര്യക്ഷമമാക്കുന്നതിന് വേണ്ടി സംസ്ഥാന-ജില്ലാതലത്തിൽ കർത്തവ്യവാഹകരുമായി കൂടിയാലോചനാ യോഗം സംഘടിപ്പിച്ചു. വിവിധ കർത്തവ്യവാഹകരുടെ ആശയങ്ങൾ പങ്കുവച്ചതിന്റെ അടിസ്ഥാനത്തിൽ ചൈൽഡ് വെൽഫെയർ പോലീസ് ഓഫീസർമാരെ കുട്ടികളുടെ കേസുകൾ കൈകാര്യം ചെയ്യുന്നതിന് നിജപ്പെടുത്തുക, ബാലസംരക്ഷണ സമിതികൾ പഞ്ചായത്തുതലത്തിലും വാർഡ്തലങ്ങളിലും ശാക്തീകരിക്കുക, വൺ-സ്റ്റോപ്പ് ക്രൈസിസ് സെന്റർ കാര്യക്ഷമമായി പ്രവർത്തിക്കുന്നു എന്ന് ഉറപ്പുവരുത്തുക, മറ്റുള്ളവയുമാണ് ശുപാർശകളായി സമർപ്പിച്ചത്.

കോവിഡ്-19 മഹാമാരിയുടെ സാഹചര്യത്തിൽ ശിശുസംരക്ഷണ സ്ഥാപനങ്ങളുടെ സുരക്ഷയും സംരക്ഷണവും സംബന്ധിച്ച അവലോകന യോഗങ്ങൾ ബാലാവകാശ സംരക്ഷണ കമ്മീഷൻ കർത്തവ്യവാഹകരുമായി സംഘടിപ്പിച്ചു. കേരളത്തിൽ 724 ശിശുസംരക്ഷണ സ്ഥാപനങ്ങൾ ഉള്ളവയിൽ 420 എണ്ണം മാത്രമാണ് കോവിഡ്-19 സാഹചര്യത്തിൽ പ്രവർത്തിക്കുന്നത്. നിലവിൽ 5609 കുട്ടികളാണ് ശിശു സംരക്ഷണ സ്ഥാപനങ്ങളിൽ താമസിക്കുന്നത്. കർത്തവ്യവാഹകരുമായി നടന്ന ചർച്ചയിൽ ഉന്നയിച്ച വിഷയങ്ങളുടേയും സംവാദങ്ങളുടേയും അടിസ്ഥാനത്തിൽ ശിശുസംരക്ഷണ സ്ഥാപന അധികാരികൾക്ക് വാക്സിൻ ഉറപ്പാക്കുക, സ്ഥാപനാന്തരീക്ഷത്തിൽ നിൽക്കുന്ന കുട്ടികൾക്ക് വിദ്യാഭ്യാസം ഉറപ്പാക്കുക, സ്ഥാപനങ്ങളിൽ നിന്ന് വീടുകളിലേയ്ക്ക് അയച്ച കുട്ടികളുടെ നിരീക്ഷണം വിലയിരുത്തുക, സ്ഥാപനത്തിലെ കുട്ടികളുടെ മാനസിക സംഘർഷം ലഘൂകരിക്കുക, മറ്റ് ശുപാർശകൾ ഉചിതമായ നടപടികൾക്കായി സമർപ്പിച്ചു.

ബഹു.മുഖ്യമന്ത്രി ശ്രീ പിണറായി വിജയൻ, ബഹു. വനിതാ-ശിശുവികസന വകുപ്പ് മന്ത്രി ശ്രീമതി വീണാജോർജ്ജ് അവർകൾക്ക് കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ചെയർപേഴ്സൺ ശ്രീ കെ.വി. മനോജ്കുമാർ റിപ്പോർട്ടുകളും ശുപാർശകളും 09.08.2021 ന് സമർപ്പിച്ചു. കമ്മീഷൻ അംഗങ്ങളായ ശ്രീ സി. വിജയകുമാർ, ഫാ. ഫിലിപ്പ് പരക്കാട്ട് പി.വി, ശ്രീമതി ശ്യാമളാദേവി പി.പി, ശ്രീമതി ബബിത ബി, ശ്രീ റെനി ആന്റണി എന്നിവർ സന്നിഹിതരായിരുന്നു.

അനുബന്ധം:

1) ബഹു. മുഖ്യമന്ത്രിയ്ക്കും ബഹു. വനിതാ-ശിശു വികസന വകുപ്പ് മന്ത്രിയ്ക്കും റിപ്പോർട്ട് സമർപ്പിക്കുന്നതിന്റെ ചിത്രങ്ങൾ
2) റിപ്പോർട്ടും ശുപാർശകളും